# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 18**

---

*സൂക്ഷ്മ പരിശോധന 31 മുതൽ*

## നാലു വർഷ ബിരുദ സിലബസ്; എം.ജി സർവകലാശാലയിൽ നടപടികൾ അന്തിമ ഘട്ടത്തിലേക്ക്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമ ഘട്ടത്തിലേക്ക്. കരട് സിലബസിൻറെ സൂക്ഷ്മ പരിശോധനയ്ക്ക് ഈ മാസം 31ന് തുടക്കം കുറിക്കും.

നിലവിലുള്ള 56 ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ വിശദമായി പരിശോധിക്കുന്നതിന് 48 സ്ക്രൂട്ടിണി കമ്മിറ്റികളാണുള്ളത്. പുറത്തുനിന്നുള്ളവർ ഉൾപ്പെടെയുള്ള വിഷയ വിദഗ്ധർ, ഫലാധിഷ്ഠിത വിദ്യാഭ്യാസ വിദഗ്ധർ, പി.ജി ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാർ, യു.ജി. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാർ, യു.ജി ബോർഡ് അംഗങ്ങളുടെ പ്രതിനിധികൾ, തുടങ്ങിയവരാണ് ഈ കമ്മിറ്റികളിലുള്ളത്. സിലബസ് പരിഷ്കരണ ശിൽപ്പശാലകളിൽ ലഭിച്ച പരിശീലനത്തിൻറെ അടിസ്ഥാനത്തിലാണ് ഇവർ സൂക്ഷ്മ പരിശോധന നടത്തുക.

ഓരോ പേപ്പറിൻറെയും ഉള്ളടക്കം, നൈപുണ്യ വികസന സാധ്യത, പഠന വിലയിരുത്തൽ രീതി എന്നിവയാണ് പ്രധാനമായും പരിശോധനാ പരിധിയിൽ വരിക. നിലവിലുള്ള ഏകീകൃത പരീക്ഷാ സംവിധാനത്തിൽനിന്നു വിഭിന്നമായി വിഷയങ്ങളുടെ സ്വഭാവമനുസരിച്ചാകും പഠനത്തിൻറെ അന്തിമ വിലയിരുത്തൽ നടത്തുക. ചില വിഷയങ്ങൾക്ക് പ്രായോഗിക പരീക്ഷ മാത്രമാകും ഉണ്ടാവുക. മറ്റു ചിലതിന് പരീക്ഷ ഒഴിവാക്കിയുള്ള വിലയിരുത്തലാകും നടത്തുക.

ഒരേ സമയം പത്തു പ്രോഗ്രാമുകളുടെ കരടു സിലബസുകളുടെ സൂക്ഷ്മ പരിശോധന നടക്കും. ഫെബ്രുവരി 10ഓടെ ഈ നടപടികൾ പൂർത്തിയാകും. ഇതിനു ശേഷം അന്തിമ സിലബസിന് അക്കാദമിക് കൗൺസിൽ യോഗം ചേർന്ന് അംഗീകാരം നൽകുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. നാലുവർഷ ബിരുദ കോഴ്സുകൾക്കുവേണ്ടിയുള്ള പ്രത്യേക ഇൻഫർമേഷൻ ടെക്നോളജി ഫ്രെയിം വർക്ക് സമയബന്ധിതമായി സജ്ജമാകുമെന്നും അദ്ദേഹം അറിയിച്ചു.

ഇപ്പോൾ സർവകലാശാല നടത്തുന്ന കോഴ്സുകൾക്കായാണ് പുതിയ സിലബസ് തയ്യാറാക്കിയിരിക്കുന്നത്. ഈ സിലബസ് തുടർച്ചയായി പരിഷ്കരിക്കുന്നതിന് ക്രമീകരണമുണ്ടാകും. പേപ്പറുകൾ ഒഴിവാക്കാനും കൂട്ടിച്ചേർക്കാനും പ്രോഗ്രാമുകൾ പുതിയതായി ആരംഭിക്കാനും സാധിക്കും. പ്രോഗ്രാമുകളിൽ കാലോചിതമായ കോഴ്സുകൾ ചിട്ടപ്പെടുത്തി, ബോർഡ് ഓഫ് സ്റ്റഡീസിൻറെ അംഗീകാരത്തോടെ നടപ്പാക്കാൻ കോളജുകൾക്കും അവസരമുണ്ടാകും-നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതിൻറെ ചുമതലയുള്ള സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ പറഞ്ഞു.

(പി.ആർ.ഒ/39/62/2024)

## പരീക്ഷകൾ മാറ്റി വച്ചു

ജനുവരി 22ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി)പരീക്ഷ ജനുവരി 23 തീയതിയിലേക്കും ഫെബ്രുവരി അഞ്ചിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് (പുതിയ സ്കീം - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷ ഫെബ്രുവരി 13ലേക്കും മാറ്റി വച്ചു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/63/2024)

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി (ബേസിക് സയൻസ്-കെമിസ്ട്രി, ബേസിക് സയൻസ്-സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്), ഇൻറഗ്രേറ്റഡ് എം.എ (ലാംഗ്വേജ്-ഇംഗ്ലീഷ്) 2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം പരീക്ഷകൾ ജനുവരി 29ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/64/2024)

## വൈവ വോസി

നാലാം സെമസ്റ്റർ പ്രൈവറ്റ് എം.എ ഇംഗ്ലീഷ്(2021 അഡ്മിഷൻ റഗുലർ - ജൂൺ 2023) പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജനുവരി 29 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിദ്യാർഥികൾ ഡിസ്സെർട്ടേഷൻ(ലോംഗ് എസ്സെ) തയ്യാറാക്കി പരീക്ഷയ്ക്കു ഹാജരാകുമ്പോൾ സമർപ്പിക്കണം.

(പി.ആർ.ഒ/39/65/2024)

## പ്രാക്ടിക്കൽ

കഴിഞ്ഞ നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ എം.എസ്.സി ഫൈറ്റോ മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 29ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/66/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്, എം.എസ്.സി ഫിസിക്സ് - മെറ്റീരിയൽ സയൻസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 31 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.............................

രണ്ടാം സെമസ്റ്റർ എം.ടി.ടി.എം, എം.എസ്.ഡബ്ല്യു(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി രണ്ടു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/67/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**